# 5

# ഭൂമിയിൽ പുത്രന്റെ ദൈവികത്വം പ്രതിഫലിപ്പിക്കുന്നതിന്റെ അവന്റെ സമയവിവരപ്പട്ടിക

പുത്രനായ ദൈവം, ദൈവം എന്ന തന്റെ തിരിച്ചറിവു യേശു പൂർണ്ണമായും തിരിച്ചറിഞ്ഞിരുന്നു. താൻ തിരഞ്ഞെടുക്കപ്പെട്ടവനാണ് എന്നു യേശു അവന്റെ ബാല്യത്തിൽ തന്നെ അറിഞ്ഞിരുന്നു (മശിഹ). തന്റെ വ്യക്തിപരമായ ശുശ്രൂഷയുടെ "സമയവിവരപട്ടിക" യുടെ ചട്ടക്കൂട്ടിൽ അവന്റെ തിരച്ചറിയലിന്റെ രണ്ടു വശങ്ങൾ വെളിപ്പെടുത്തുവാൻ സൂക്ഷിച്ചിരുന്നു. അതു എളുപ്പമുള്ള പ്രവൃത്തി ആയിരുന്നില്ല. തന്റെ സ്ഥാനവും തിരിച്ചറിയലും മുഴുവൻ മൂടിവെച്ചില്ല, ലോകത്തിന്റെ വർദ്ധിച്ചു വന്ന അറിവും അവയുടെ പ്രാധാന്യവും അവൻ നിയന്ത്രിച്ചിരുന്നു. അതു യേശു ചെയ്തു രണ്ടു പ്രധാനവശങ്ങൾ നമുക്കു പരിശോധിക്കാം.

**തന്റെ തിരിച്ചറിവു യേശു എങ്ങനെ മറച്ചുവച്ചു.**

ആദ്യം, തന്നെ മറ്റുള്ളവർ തിരിച്ചറിയാതിരിക്കേണ്ടതിനു അതു ഒളിച്ചു വെച്ചു. യേശു "അടയാളങ്ങൾ" (*ശേമിയ*), ചെയ്തതിനെക്കുറിച്ചു യോഹന്നാൻ പറഞ്ഞു, "യേശു ദൈവപുത്രനായ; ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിന്നും വിശ്വസിച്ചിട്ടു, അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിനും ഇതു എഴുതിയിരിക്കുന്നു" (യോഹന്നാൻ 20:31). യോഹന്നാന്റെ സുവിശേഷത്തിൽ, എങ്ങനെയായാലും, യേശു ആദ്യം ചെയ്ത അടയാളം തന്റെ അമ്മ പറഞ്ഞപ്പോൾ ചെയ്തില്ല. എന്തുകൊണ്ട്? അവന്റെ ''നാഴിക''

"വന്നിരുന്നില്ല" (യോഹന്നാൻ 2:4) തന്റെ അസാമാന്യ ശക്തി ആളുകളെ കാണിക്കുന്നതിൽ യേശു ശ്രദ്ധാലുവായിരുന്നു രണ്ടു കാരണങ്ങൾ കൊണ്ടാണ്: (1) തന്റെ ശക്തി ദൈവത്തിന്റെ ശക്തിയായി മാത്രം കാണപ്പെടേണ്ടതില്ല എന്നു അവൻ അറിഞ്ഞിരുന്നു (മത്തായി 12:24). (2) "അത്ഭുതങ്ങൾ അടയാളങ്ങൾ വീര്യ പ്രവൃത്തികൾ," എന്നിവയുടെ അടിസ്ഥാനത്തിൽ ആളുകൾ യേശുവിൽ, വിശ്വസിച്ചാൽ മാത്രം പോരാ എന്നവൻ അറിഞ്ഞിരുന്നു[1] (പ്രവൃത്തികൾ 2:22), (3) ശക്തമായ വഞ്ചനയുടെ ആയുധങ്ങളായി "കള്ളക്രിസ്തുക്കളും കള്ളപ്രവാചകന്മാരും" "വലിയ അത്ഭുതങ്ങളും അതിശയങ്ങളും" പ്രവർത്തിക്കും എന്നു അവൻ അറിഞ്ഞിരുന്നു (മത്തായി 24:24, 25). (4) തന്റെ സമയത്തിനു മുൻപു ആളുകൾ തന്റെ രാജ്യത്തിനു അടിസ്ഥാനമിടുവാൻ ധൃതികാണിക്കരുതെന്നു അവൻ ആഗ്രഹിച്ചു.

യേശു അടിക്കടി അടയാളങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. അവൻ അങ്ങനെ ചെയ്തില്ലായിരുന്നെങ്കിൽ തന്റെ സ്വഭാവത്തിനപ്പുറ മായിത്തീരുമായിരുന്നു. പലപ്പോഴും താൻ ചെയ്ത അത്ഭുതങ്ങൾ പ്രത്യേകിച്ചു രഹസ്യമായി വെക്കണമെന്നു ആവശ്യപ്പെട്ടെങ്കിലും, അവന്റെ മനസ്സലിവു അവനെ പ്രവർത്തിപ്പിച്ചു.[2] (മത്തായി 8:3, 4; 9:27–30). തന്റെയും പിതാവിന്റെയും മഹത്വം വെളിപ്പെടുത്തുവാനായി ചില അത്ഭുതങ്ങൾ ചെയ്തിട്ടുണ്ട് (യോഹന്നാൻ 2:11; 11:1–4, 38–44). എങ്ങനെയായാലും, തന്റെ അസാമാന്യശക്തിയും മശിഹാത്വവും രാഷ്ട്രീയമായോ സമയത്തിനുമുൻപോ പ്രഖ്യാപിക്കുന്നതിനെ അവൻ വിലക്കിയിരുന്നു (മർക്കൊസ് 8:29, 30; യോഹന്നാൻ 1:48–51).

## തന്റെ തിരിച്ചറിവു യേശു എങ്ങനെ വെളിപ്പെടുത്തി

രണ്ട്, തന്റെ തിരിച്ചറിവു വെളിപ്പെടുത്തുന്ന പ്രാധാന്യത്തെ യേശു നിയന്ത്രിക്കുകയും തന്റെ തിരിച്ചറിയും പങ്കും തന്റെ "സമയവിവര പട്ടിക" അനുസരിച്ചു വെളുപ്പെടുത്തുവാനു ഇരുന്നു. അവനെത്തന്നെ വിശദമാക്കുവാൻ എടുത്ത ഒരു പദപ്രയോഗം ആയിരുന്നു "മനുഷ്യ പുത്രൻ" സുവിശേഷങ്ങളിൽ, അവനെ*ക്കുറിച്ചു* അതും ഈ വാക്ക് ഉപയോഗിച്ചിട്ടില്ല, എന്നതു ശ്രദ്ധേയമാണ്. തന്റെ തന്നെയുള്ള പ്രസ്താവന ഒരിക്കൽ പുരുഷാരം അവനെതിരായി ഉച്ചരിച്ചപ്പോഴായിരുന്നു: "... മനുഷ്യപുത്രൻ ഉയർത്തപ്പെടേണ്ടതെന്നു നീ പറയുന്നതു എങ്ങനെ? ഈ മനുഷ്യപുത്രൻ ആർ എന്നു ചോദിച്ചു?" (യോഹന്നാൻ 12:34).

യേശു തന്നെക്കുറിച്ചു "മനുഷ്യ പുത്രൻ" എന്നു പറഞ്ഞിരുന്നതിൽ സംശയമേ ഇല്ല. നാലു സുവിശേഷങ്ങളിലുമായി സമാനതകൾ ഗണ്യമാക്കാതെ *എൺപതു* പ്രാവശ്യം അവൻ ഈ വിവരണം തന്നെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. സമാനതകൾ കാണാക്കിലെടുത്താൽ പോലും, ഒരു ഏക വസ്തുതയിൽ ഒരാൾ അമ്പരന്നുപോകും: യേശു ഈ തിരിച്ചറിയലിൽ മാത്രമല്ല അറിയപ്പെട്ടത്, തന്റെ മൊത്തത്തിലുള്ള ശുശ്രൂഷയിലും അവൻ "മനുഷ്യ പുത്രൻ" ആയിരുന്നു.[3]

യേശുവിന്റെ "മനുഷ്യ പുത്രൻ" എന്ന പങ്കു അവനെ എങ്ങനെ

ചുറ്റപ്പറ്റിയിരുന്നു എന്നു നമുക്കു നിരീക്ഷിക്കാം:

1. *"മനുഷ്യപുത്രൻ" കഷ്ടതയേറ്റു* (മത്തായി 8:20; ലൂക്കൊസ് 9:58).
2. *അവൻ ഒരു ദാസൻ ആയിരുന്നു* (മത്തായി 20:28; മർക്കൊസ് 10:45).
3. *അവൻ ആളുകളോടുകൂടെ തിരിച്ചറിഞ്ഞു* (മത്തായി 11:19; ലൂക്കൊസ് 6:22; 7:34; യോഹന്നാൻ 9:35).
4. *തന്റെ "മനുഷ്യ പുത്രൻ" എന്ന പങ്കിനോടു ജനങ്ങളുടെ പ്രതികരണം അറിയുവാൻ അവൻ ആഗ്രഹിച്ചു* (മത്തായി 16:13).
5. *അവൻ ഒറ്റിക്കൊടുക്കപ്പെട്ടു* (മത്തായി 17:22; 20:18; 26:24, 45; മർക്കൊസ് 9:31; 10:33; 14:21, 41; ലൂക്കൊസ് 9:44; 22:48; 24:7).
6. *അവൻ കഷ്ടതയേറ്റു* (മത്തായി 17:12; 26:2; മർക്കൊസ് 8:31; 9:12; ലൂക്കൊസ് 9:22).
7. *അവൻ ക്രൂശിക്കപ്പെട്ടു* (ലൂക്കൊസ് 24:7; യോഹന്നാൻ 3:14; 8:28; 12:24).
8. *അവൻ ഉയിർത്തെഴുന്നേറ്റു* (മത്തായി 12:40: 17:9; മർക്കൊസ് 9:9; ലൂക്കൊസ് 11:30; 24:7).
9. *അവൻ വെളിപ്പെടുത്തപ്പെട്ടു* (ലൂക്കൊസ് 17:30).
10. *അവൻ വീണ്ടും വരുന്നു* (മത്തായി 10:23; 16:27; 24:27, 30, 37, 39, 44; 25:31; 26:64; മർക്കൊസ് 13:26; ലൂക്കൊസ് 12:40; 17:24; 18:8; 21:27; യോഹന്നാൻ 3:13).
11. *അവൻ ന്യായം വിധിക്കും* (മത്തായി 25:31-46; മർക്കൊസ് 8:38; ലൂക്കൊസ് 9:26; 12:8, 9; 17:26; 21:36).
12. *അവന്നു ഒരു രാജ്യം ഉണ്ട്* (മത്തായി 16:28; 19:28).
13. *അവൻ ആരോഹണം ചെയ്യപ്പെടും* (യോഹന്നാൻ 6:62).
14. *അവൻ വാഴും* (മത്തായി 26:64; മർക്കൊസ് 14:62; ലൂക്കൊസ് 22:69).
15. *അവൻ പഴയ നിയമത്തേക്കാൾ ഉയർന്നവൻ ആകുന്നു* (മത്തായി 12:8; മർക്കൊസ് 2:28; ലൂക്കൊസ് 6:5).
16. *അവൻ ദൂതന്മാരേക്കാൾ ഉയർന്നവൻ* (മത്തായി 13:41).
17. *അവൻ തേജസ്ക്കരിക്കപ്പെട്ടു* (യോഹന്നാൻ 1:51; 13:31).
18. അവൻ പാപങ്ങളെ മോചിക്കുന്നു (മത്തായി 12:32; മർക്കൊസ് 2:10; ലൂക്കൊസ് 5:24; 12:10).
19. *അവൻ അധികാരിയായവൻ* (മത്തായി 9:6; യോഹന്നാൻ 5:27).
20. *അവൻ തിരുവെഴുത്തുകളെ നിവർത്തിയാക്കി* (മത്തായി 26:24; മർക്കൊസ് 14:21; ലൂക്കൊസ് 18:31).
21. *അവൻ ജീവൻ നല്കുന്നു* (യോഹന്നാൻ 6:27,53-56).
22. *അവൻ രക്ഷിക്കുന്നു* (ലൂക്കൊസ് 19:10).
23. *അവന്നു ഒരു "സമയ വിവരപ്പട്ടിക" ഉണ്ടായിരുന്നു* (മർക്കൊസ് 14:41; യോഹന്നാൻ 12:23).

പുത്രനായ ദൈവം തുടർച്ചയായി അവനെ, "മനുഷ്യ പുത്രൻ" എന്നു പറഞ്ഞിരിക്കുന്നതു പ്രത്യക്ഷത്തിൽ വൈപരീത്യമെന്നു തോന്നിയേക്കാം. അവൻ എന്തിനാണ് അങ്ങനെ ചെയ്തത്? ഈ പദപ്രയോഗം വാസ്തവത്തിൽ മനോഹരവും പിടികൊടുക്കാത്തതും ഒളിച്ചു വെക്കുന്നതും വെളിപ്പെടുത്തുന്നതുമായ തിരിച്ചറിവാണ് ഇതു. അവന്റെ ഭൗതിക ശുശ്രൂഷയിൽ വാസ്തവത്തിലുള്ള സ്വാഭാവവും തിരിച്ചറിയും വെളിപ്പെടുത്തുന്നതു നിയന്ത്രിക്കുവാനുള്ള വേദി അവനു നല്കി. അവന്റെ "സമയ വിവരപ്പട്ടിക" അവന്നു പ്രധാനപ്പെട്ടതായിരുന്നു റബ്ബി, യജമാനൻ, ഉപദേഷ്ടാവ്, എന്നിവ അറിഞ്ഞിരുന്നതുപോലെ എപ്പോഴും അവന്റെ ''സമയവിവരപ്പട്ടികയും'' അവൻ അറിഞ്ഞിരുന്നു. ഉദാഹരണത്തിനു, അവന്റെ മുഖ്യ ഉപദേശരീതി ഉപമകളിൽ കൂടെയായിരുന്നു. മറച്ചും വെളിപ്പെടുത്തിയും സത്യം ഉപദേശിക്കുന്ന രീതിയായിരുന്നു അത്.[4] ഇതേ കാരണത്തിൽ മറ്റൊരു രീതിയായ ആലങ്കാരിക ഭാഷയും, അവൻ തന്റെ വാഗ്ദാനങ്ങൽ ശരിയായ സമയത്തു തുറന്നു സംസാരിക്കയും ചെയ്തിരുന്നു.[5]

നിങ്ങൾ സമ്മതിക്കുമെങ്കിൽ, അവന്റെ അവതാരവും ഒരു തരം മറച്ചുവെച്ച സത്യം, ജീവിക്കുന്ന ഒരു ഉപമയായിരുന്നു. എങ്ങനെയും, ആർക്ക് ദൈവത്തെ നേരിട്ടു കണ്ട് ജീവനോടെ ഇരിക്കുവാൻ കഴിയും?[6] ദൈവം ജഡമായി തീർന്നവനായിരുന്നു യേശു; അവന്റെ ജഡം മൂടുപടം ആയിരുന്നതു കൊണ്ട്, *ഒരു മനുഷ്യനു അവനെ നോക്കി* "എന്റെ കർത്താവും ദൈവവുമായുള്ളോവേ!" എന്നു പറയുവാൻ കഴിഞ്ഞു (യോഹന്നാൻ 20:28; എംഫസിസ് മൈൻ). ദൈവികത്വം ജഡത്തിൽ ആയപ്പോൾ, യേശുവിന്റെ ശരീരത്തിൽ കുത്തിയപ്പോൾ[7] അവൻ രക്തം ചിന്തിയതു ദൈവത്തിന്റെ മഹത്തായ സ്നേഹവും, കരുണയും, കൃപയും *വെളിപ്പെടുത്തുകയായിരുന്നു.*[8]

ആളുകൾ അവന്റെ തിരിച്ചറിയും പങ്കും അറിയുന്നതിനെ "പുത്രനായ ദൈവം" ശ്രദ്ധയോടെ നിയന്ത്രിച്ചിരുന്നു.

---

കുറിപ്പുകൾ

[1]യോഹന്നാൻ 2:11, 23, 24; 6:14, 15, 60–71; മത്തായി 12:38, 39; തുടങ്ങിയവ. [2]മത്തായി 20:34; മർക്കൊസ് 5:19; ലൂക്കൊസ് 7:11–15. [3]സി. എസ്. മാർ, *മാർക്ക്,* എന്നിവരുടെ ചുരുങ്ങിയ ചർച്ചകൾ നോക്കുക, ദ അങ്കർ ബൈബിൾ, വാല്യം 27 (ഗാർഡെൻ സിറ്റി, ന്യൂയോർക്ക്: ഡബിൾഡേ, 1986), 106–14. [4]മത്തായി 13:10–13, 34, 35; മർക്കൊസ് 4:10–12, 33, 34; ലൂക്കൊസ് 8:10. [5]യോഹന്നാൻ 10:6; 16:25, 29, 30. *പാരേയിമിയ* = അലിഗറി, ഫിഗർ, പഴഞ്ചൊല്ലു, ഉപമ, വിവിധ തർജ്ജിമകൾ നോക്കുക. [6]പുറപ്പാട് 33:20; യോഹന്നാൻ 1:18; 6:46; 1 തിമൊഥെയൊസ് 6:15, 16; 1 യോഹന്നാൻ 4:12. [7]യേശുവിന്റെ "ജഡമെന്ന മൂടുപടത്തെ" കുത്തിയപ്പോൾ, ദൈവാലയ തിരശ്ശീല ആലങ്കാരികമായി കീറി (മത്തായി 27:51; മർക്കൊസ് 15:38; ലൂക്കൊസ് 23:45). [8]"... നമ്മുടെ കർത്താവിന്റെ മാനുഷ ജീവിതത്തെയാണ് നമ്മുടെ ജീവിതത്തെയാണ് നമ്മുടെ ലേഖകൻ മൂടുപടത്തെ അലങ്കാരികമായി കണ്ടത് ..." (എഫ്. എഫ്. ബ്രൂസ്, *ദ എപ്പിസ്റ്റൽ ടു ദഹീബ്രൂസ്* [ഗ്രാന്റ് റാപ്പിഡ്സു, മൈക്ക്.: ഡബ്ലിയു. എം. ബി. എഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി. 1964], 249).

## "മനുഷ്യ പുത്രൻ"

"മനുഷ്യ പുത്രൻ" എന്ന വാക്കു കേൾക്കുമ്പോൾ യേശുവിനെ മനുഷ്യരോടു കണ്ട ചിന്തിക്കുവാൻ നമ്മെ പ്രേരിപ്പിച്ചേക്കാം. എങ്ങനെയായാലും, നാം യേശുവിന്റെ സമയത്തു ജീവിച്ചിരുന്നെങ്കിൽ ആ വാക്കിനു എതിർഫലമായിരിക്കും ഉണ്ടായിരിക്കുക. ആ പദപ്രയോഗം യേശുവിനെ ''സ്വർഗ്ഗീയ വ്യക്തി'' അത് എളുപ്പം തിരിച്ചറിയും എന്തുകൊണ്ട്? കാരണം യേശു ജീവിച്ചിരുന്നതു വെളിപ്പാടിന്റെ കാലത്തായിരുന്നു, പൂർണ്ണമായ രീതിയിൽ നമുക്ക് വെളിപ്പാട് പരിശോധിക്കുവാൻ കഴിയാത്തതിൽ[1] യേശു തന്നെ വിവരിച്ചതായ - ''മനുഷ്യ പുത്രൻ'' എന്നതു മുഴുവൻ ഗ്രഹിക്കുവാൻ നമുക്കു വിശദീകരണ വ്യാഖ്യാനം സഹായകരമാകും.

യെഹൂദന്മാരെ സംബന്ധിച്ചു ബി.സി. 200 നും എ.ഡി. 100 നും ഇടക്കുള്ള കാലം "നിലം പതിച്ച" സമയത്തെ ലോകത്തിലായിരുന്നു. മൻകഴിഞ്ഞ ഈ നൂറ്റാണ്ടുകൾ, യെഹൂദജനം നേരിട്ടതു കലഹത്തിനു ശേഷം കലഹമായിരുന്നു: ബി.സി. 721-ൽ യിസ്രായേൽ രാജ്യം ആ ശൂര്യർക്കു കീഴ്പ്പെട്ടു. ബി.സി. 606 മുതൽ ബി.സി. 586 വരെ യെഹൂദ്യരാജ്യത്തെയും കീഴ്പ്പെടുത്തി, ആളുകളെ ബാബേൽ പ്രവാസത്തിലേക്കു കൊണ്ടു പോകയും അവയുടെ ദൈവാലയവും പ്രിയനഗരമായ യെരുശലേമും നശിപ്പിക്കപ്പെട്ടു. ബി.സി. 539-ൽ പാർസികൾ ബാബിലോണിനെ കീഴ്പ്പെടുത്തുകയും അധികം താമസിക്കാതെ യെഹൂദന്മാരെയെല്ലാം സ്വദേശത്തേക്കു മടങ്ങിപ്പോകുവാൻ അനുവദിക്കുകയും ചെയ്തു. അവിടെ അവർക്കു കാഠിന്യമുള്ള ഗ്രീക്ക്, സുറിയ, മിസ്രയിം, റോം എന്നിവരുടെ ആധിപത്യത്തിലാകേണ്ടിവന്നു. അവർ ദൈവാലയം പുതുക്കി പണിയുകയും (ബി.സി. 515). സുറിയൻ വാഴ്ച്ചയിൽ നിന്നു കുറച്ചുകാലം സ്വാതന്ത്ര്യം ലഭിച്ചുവെങ്കിലും (ca. 165 - 63 ബി.സി.) അവർ നൂറ്റാണ്ടുകളോളം ബി.സി. 63 മുതൽ റോമൻ ഭരണത്തിൽ ആയിരുന്നു. രണ്ടാമത്തെ ദൈവാലയം റോമാക്കാർ എ.ഡി. 70 ൽ നശിപ്പിച്ചു.

ചരിത്രത്തിൽ നീണ്ടുനിന്ന അധ:പതനം യെഹൂദന്മാരെ തലമുറകളോളം ആശങ്കയിലും ഭീതിയിലും ആഴ്ത്തി. അവരുടെ ദേശീയ പ്രത്യാശ വിഫലമായി. അവരുടെ തിരുവെഴുത്തു പ്രവചനങ്ങളിൽ ചിലതു പുന: വ്യാഖ്യാനം നടത്തേണ്ടതായി അവർ കണ്ടെത്തി. പലർക്കും അതു വീണ്ടും വ്യാഖ്യാനിച്ചില്ലെങ്കിൽ പ്രത്യാശ നഷ്ടമാകും, എന്ന അവസ്ഥയായിരുന്നു: അവരുടെ വാഗ്ദാന രാജ്യം എവിടെ? അവർക്കു വാഗ്ദാനം ചെയ്ത മശിഹ എവിടെ? ദൈവെ നിയമിച്ച മശിഹയുടെ വാഴ്ചയും വാഗ്ദാനം ചെയ്ത മഹത്തായ പന:രേകീകരണവും എവിടെ?[2]

ഈ തീവ്രമായയാതനിൽ നിന്നു ദൈവത്തിന്റെ വെളിപ്പാട് സാഹിത്യം നിരാശപ്പെട്ടിരുന്ന ദൈവ ജനത്തിനു പ്രത്യാശനല്കി. ഈ പ്രത്യാശ സന്ദേശം സാധാരണ വിസ്തൃതവും, ആലങ്കാരികവും, സംഖ്യാപരവുമായ ഭാഷയിലാണ്. ഇതിന്റെ എല്ലാം അടിസ്ഥാനം, മനുഷ്യർ ദുഷ്ടരായിത്തീർന്നതുകൊണ്ട് ദൈവം ചരിത്രത്തിൽ അവരെ

“ഉപേക്ഷിച്ചു,” എന്നാൽ അപ്പോഴും ദൈവം തന്നെയാണ് നിയന്ത്രിച്ചതും ലോകത്തെ അതിജീവിച്ചതും; നീതിമാന്മാരെ അവർ നീതീകരിക്കും ദൈവത്തിന്റെ വാഴ്ച്ച (രാജ്യം) വികസിക്കും, ഒന്നുകിൽ ആ സമയത്ത് അല്ലെങ്കിൽ ചരിത്ര സാമ്രാജ്യത്തിനു - ശേഷം തിരുവെഴുത്തിലെ വാഗ്ദാനങ്ങൾ അപ്പോഴും യാഥാർത്ഥ്യമാക്കേണ്ടതുണ്ട് - എന്നാൽ അതു ഒരു “പുതിയ” വഴിയിൽ ആണെന്നു മാത്രം.[3]

ഈ സന്ദർഭത്തിൽ “മനുഷ്യ പുത്രൻ” എന്ന വാക്കിനു ശക്തമായ പ്രാധാന്യമുണ്ട്. അതു സൂചിപ്പിക്കുന്നതു ‘‘സ്വർഗ്ഗത്തിൽ നിന്നു വരുന്നവൻ” എന്നാണ് ദാനിയേലിന്റെ വെളിപ്പെടുത്തലിൽ 7 മുതൽ 12 വരെ അദ്ധ്യായങ്ങൾ ചൂണ്ടിക്കാണിക്കുന്നതു ‘‘മനുഷ്യ പുത്രൻ” “പുരാതനകാലം” മുതലേ ഉണ്ട് എന്നാണ്. “നശിക്കാത്ത രാജ്യം” അവന്നു നല്കപ്പെടും (7:14). ദാനിയേൽ പറഞ്ഞു, ഭൗതിക രാജ്യങ്ങളിൽ നന്നു വ്യത്യസ്തമായി “അത്യുന്നതായവന്റെ വിശുദ്ധന്മാർ രാജത്വം പ്രാപിച്ചു എന്നേക്കും, സദാ കാലത്തേക്കും രാജത്വം അനുസരിക്കും.’’[4] യെഹൂദന്മാർക്കുള്ള വെളിപ്പെടുത്തൽ പ്രത്യാശ ‘‘പണ്ടു മുതലേ” (ദൈവം), അവർക്കു വേണ്ടി ഇടപെട്ടതു ചരിത്രത്തിൽ ‘‘മനുഷ്യ പുത്രന്റെ” വരവോടെയാണ്. അവൻ അവരെ നീതീകരിക്കും; അവൻ വാഴുകയും, അവർ രാജ്യം അവകാശമാക്കുകയും ചെയ്യും.

ആദ്യ ക്രിസ്ത്യാനികൾ പഴയ നിയമവാഗ്ദാന വിവരണമായ “മനുഷ്യ പുത്രൻ” എന്നതു നസ്രായനായ യേശുവിൽ കണ്ടിരുന്നു, ചോദ്യത്തിൽ കൂടാതെ. ഇതിനർത്ഥം അവർ അവനെ സ്വർഗ്ഗീയനായി തിരിച്ചറിഞ്ഞു എന്നാണ്; അവൻ ശലോമോനെ പോലെ വെറും മനുഷ്യപുത്രൻ ആയിരുന്നില്ല, ദൈവം ആയിരുന്നു (2 ശമുവേൽ 7:14), അല്ലെങ്കിൽ യിസ്രായേൽ ആയിരുന്നതു പോലെ ആയിരുന്നില്ല (പുറപ്പാട് 4:22, 23) “മനുഷ്യ പുത്രൻ,” എന്ന നിലയിൽ അവൻ സങ്കീർത്തനങ്ങൾ 8:4-6 നിവർത്തിയാക്കി (നോക്കുക എബ്രായർ 2:5-11; 1 കൊരിന്ത്യർ 15:27; എഫെസ്യർ 1:22) യെശയ്യാവു 7:14 (നോക്കുക മത്തായി 1:22, 23) അവൻ, തീർച്ചയായും വെളിപ്പാടിലെ വിജയിയായിരുന്നു, ദൈവം തന്നെ, അവൻ മഹത്വത്തിന്റെ പ്രതിഭയായി ‘‘ആദ്യനും അന്ത്യനുമായി ജീവിക്കുന്നവനായി” (വെളിപ്പാട് 1:12-18).

പിന്നെ, “മനുഷ്യ പുത്രൻ” എന്നു പറഞ്ഞു വന്നവനെ അവർ വളരെ - കാലമായി കാത്തിരുന്ന അവരുടെ സ്വപ്നവും പ്രത്യാശയും നിറവേറ്റുവാൻ വന്നവനെ എന്തുകൊണ്ട് അവർ സ്വീകരിച്ചില്ല? അവന്റെ അവതാരം കാരണമാണ്. യെഹൂദ വെളിപ്പാടുകാർ എബ്രായതിരുവെഴുത്തുകളെ അവരുടെ ചിന്തയനുസരിച്ചു പുനക്രമീകരിച്ചിരുന്നു. അവരുടെ പുന:വ്യാഖ്യാനം അനുസരിച്ചു അവരുടെ കുഴപ്പങ്ങൾക്കു ദൈവം നേരിട്ടു പരിഹരിക്കയോ അല്ലെങ്കിൽ അവസാനം എല്ലാം ശരിയാക്കും എന്നായിരുന്നു. പഴയ ക്രമം ഇല്ലാതായും ദൈവത്തിന്റെ വെളിപ്പാട് വാഴ്ച്ച ഉറപ്പു വരുത്തുന്നതായിരുന്നു അവരുടെ ഒരുമനപ്പെടൽ ഈ തേജ്സകരണത്തിനു “മനുഷ്യ പുത്രൻ” രസതന്ത്ര വിദഗ്ധർ ആയിരുന്നു.

വ്യക്തമായും, അത്തരം പ്രതീക്ഷകൾ വെറും മനുഷ്യനു

നിറവേറ്റുവാൻ കഴിയുകയില്ല. ഒരു ധാർമ്മികനും തന്റെ ആയുസിൽ, മറ്റൊന്നിൽ പോലും ചരിത്രത്തെയും യാഥാർത്ഥ്യത്തെയും മാറ്റുവാൻ കഴിയുകയില്ല! ജഡത്തിലായ യേശു അവരുടെ വെളിപ്പാടുദർശനം അനുസരിച്ചുള്ളവനായിരുന്നില്ല. അവൻ പലപ്പോഴും തന്നെ "മനുഷ്യ പുത്രൻ" എന്നു വിളിച്ചിരുന്നെങ്കിലും, അവന്റെ മനുഷ്യത്വത്തില് ദൈവികത്വം മറഞ്ഞിരുന്നു. ദൈവരാജ്യം ആസന്നമായിരിക്കുന്നു എന്നു അവർ ആവർത്തിച്ചു പറഞ്ഞു, എന്നാൽ ആളുകൾക്കു അവനിൽ അവരുടെ സങ്കൽപത്തിലെ മഹത്വവും പ്രതിഭയും കാണാൻ കഴിഞ്ഞില്ല. "ദൈവം - ജഡത്തിൽ - വന്നവൻ" അവർ വിചാരിച്ച വിടുതലും പുനരേകീകരണവും നടത്തിയില്ല.

എഴുതപ്പെട്ട "സമയ വിവരപ്പട്ടിക" അനുസരിച്ചുള്ള യേശുവിന്റെ ദൗത്യവും ശുശ്രൂഷയും വെളിപ്പെടുത്തുന്നതാണ്. അവന്റെ തിരിച്ചറിവു. മറ്റൊരു അത്ഭുത പ്രവർത്തകൻ എന്നു കാണിക്കേണ്ടതിനല്ല യേശു അത്ഭുതം ചെയ്തത്. അവനെ മശിഹ എന്ന നിലയിൽ തിരിച്ചറിയുമ്പോൾ "കള്ളക്രിസ്തുക്കൾ" എന്ന പേർ വരാതിരിക്കാൻ അവൻ ശ്രമിച്ചു (മർക്കൊസ് 13:21-23). അവൻ "മനുഷ്യ പുത്രൻ" എന്നു ഉപയോഗിച്ചത് ശ്രദ്ധിച്ചാണ് കാരണം വെളിപ്പാടുകാർ. "അവരുടെ" മനുഷ്യപുത്രൻ ആയി അവനെ കാണാതിരിക്കണം. എന്തുകൊണ്ടാണ് യേശു പരോക്ഷമായ ഈ സമീപനം സ്വീകരിച്ചത്? വീഴ്ച്ചക്കു ശേഷം ദൈവം മനുഷ്യരോടു "നേരിട്ടു" അഭിമുഖീകരിക്കയില്ല.

> ധന്യനായ ഏകാധിപതിയും രാജാധിരാജാവും കർത്താധികർത്താവുമായവൻ; [ദൈവം], മാത്രം അമർത്യതയുള്ളവനും അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനും മനുഷ്യർ ആരും കാണാത്തവനും കാൺമാൻ കഴിയാത്തവനുമായവൻ; തക്ക സമയത്തു ആ പ്രത്യക്ഷത വരുത്തും. അവന്നു ബഹുമാനവും നിത്യ ബലവും ഉണ്ടാകട്ടെ ... (1 തിമൊഥെയൊസ് 6:15, 16).

"അടുത്തു കൂടാത്ത വെളിച്ചത്തിൽ" വസിക്കുന്നവനാണ് ദൈവം എങ്കിൽ, പാപികളായ മനുഷ്യരോടു നേരിട്ടുക്കണ്ടാൽ ഫലം നാശമായിരിക്കും. അതു - കൊണ്ടു, യേശു, ദൈവമായവൻ, ജഡം എടുത്ത്, അവതാരമായിവന്നു. ഈ വിധത്തിൽ, അവന്നു അവന്റെ കാര്യം ജ്വലപ്രഭയാൽ അവർ ദഹിച്ചു പോകാതെ അവരെ "തിരഞ്ഞു രക്ഷിപ്പാൻ" കഴിഞ്ഞു. ദൈവം തന്റെ "അടുത്തു കൂടാതെ വെളിച്ചത്തിൽ വസിക്കുമ്പോൾ" അവന്റെ മൂടുപടമില്ലാതെ വിശുദ്ധമായ അവസ്ഥയിൽ പാപികളുടെ അടുക്കൽ വരുവാൻ കഴിയുകയില്ല എന്നാണോ? എങ്ങനെയായാലും, അവൻ ജഡമെടുത്ത് നമ്മുടെ ജയിൽ വസിച്ചു! "ദൈവം ലോകത്തിന്നു ലംഘനങ്ങളെ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചു പോന്നു ..." (2 കൊരിന്ത്യർ 5:19).

യേശുവിന്റെ വിവരണത്തിൽ അവൻ ആ സത്യം പുറത്തു കൊണ്ടുവരുന്നുണ്ട്. അവൻ തന്റെ മശിഹാത്വം അടിച്ചേല്പ്പിച്ചില്ല -

എന്നാൽ അവൻ ദൈവത്തിന്റെ മശിഹയെ കൊണ്ടുവരുവാൻ അനുവദിക്കുകയായിരുന്നു (യോഹന്നാൻ 4:25, 26). അത്ഭുതങ്ങൾ പ്രതീക്ഷിച്ചവരെ അവൻ ആവേശപ്പെടുത്തുകയായിരുന്നില്ല – എന്നാൽ മനസ്സലിവുള്ള മശിഹാത്വത്തെ സ്ഥാപിക്കുകയായിരുന്നു അവൻ (ലൂക്കൊസ് 7:11–17; യോഹന്നാൻ 20:30, 31). തന്റെ ആനുകാലികരായ വെളിപ്പാടുകാരുടെ പ്രതീക്ഷകൾക്കു യോജിച്ചവൻ ആയിരുന്നില്ല, അവൻ. പക്ഷെ അവൻ ''മനുഷ്യ പുത്രൻ'' ആണെന്നു ഉപദേശിക്കയായിരുന്നു. (സ്വഭാവവിശേഷതകൾ പറഞ്ഞിരിക്കുന്ന പേജ് നോക്കുക.) വെളിപ്പാടുകൾ പഠിപ്പിച്ചതു പോലെ, ദൈവരാജ്യം ഭാവിയിൽ വരാനുള്ളതാണെന്ന് അല്ല, അവൻ പഠിപ്പിച്ചത് (ലോകത്തിന്റെ അവസാന – നാളിൽ); മറിച്ചു, തന്റെ തലമുറയിൽ തദന്നെ ആസന്നമായി സംഭവിക്കുന്നതായിട്ടാണ് യേശു പഠിപ്പിപ്പിച്ചത് (മർക്കൊസ് 1:14, 15; 9:1). അതുകൊണ്ടു ഇങ്ങനെ പറയാം, "നാം എങ്ങനെയും വെളിപ്പാടുകാർ പറയുന്നതനുസരിച്ചല്ല യേശുവിനെ വ്യാഖ്യാനിക്കുന്നത്, പക്ഷെ ..., യേശു പഠിപ്പിച്ചതനുസരിച്ചു വെളിപ്പാടുകാരെ വ്യാഖ്യാനിക്കുന്നത്."[5]

---

കുറിപ്പുകൾ

[1]സി. എഫ്. ജെയിംസ്. ഇ. പ്രീസ്റ്റ്, ''കോണ്ടെമ്പ്രറി അപ്പൊകാലിപിമിക് സ്കോളർഷിപ്പ് ആന്റ് ദ റെവെലേഷൻ" ഇൻ *ജോഹന്നാ നൈൻ സ്റ്റഡീസ്: എസ്സെയ്സ് ഇൻ ഹോണർ ഓഫ് ഫ്രാങ്ക് പാക്ക്*, ഇഡി. ജെയിംസ് ഇ. പ്രീസ്റ്റ് (മാലിബു കാലിഫ്.: പെപ്പെർ ഡൈൻ യൂണിവേഴ്സിറ്റി പ്രെസ്, 1989), 182–204. [2]സിഫ്. ജോൺ. ജെ. കോളിൻസ്, *ദ സ്കെപ്റ്റർ ആന്റ് ദ സ്റ്റാർ: ദ മെസ്സയ്യാസ ഓഫ് ദ ഡെഡ് സി സ്ക്രോൾസ് ആന്റ് അദർ ഏൻഷ്യന്റ് ലിറ്ററേച്ചർ*. ദ ആങ്കർ ബൈബിൾ റെഫറൻസ് ലൈബ്രറി, ജെന. ഇഡി. ഡേവിഡ് നോവെൽ ബ്രിഡ്മാൻ (ന്യൂയോർക്ക്: ഡബിൾഡേ, 1995), 204–9. യേശുവിന്റെ ജനനത്തിനു മുൻപും പിൻപും യെഹൂദന്മാർക്കുണ്ടായിരുന്ന മശിഹയെക്കുറിച്ചുള്ള കാഴ്ച്ചപ്പാട് ശ്രദ്ധേയമായി തരംതിരിച്ചിരിക്കുന്ന പ്രവൃത്തിയാണിത്, പ്രത്യേക താല്പര്യം അതിൽ ഊന്നിയിരിക്കുന്നത് "യേശുവും ദാവീദുമായുള്ള മശിഹാത്വത്തെയാണ്." [3]ഇ. ഐസക്ക്, "1 (എത്യോപിക് അപ്പോകാലിപ്സ് ഓഫ്) ഈനോക്" ഇൻ *ദ ഓൾഡ് ടെസ്റ്റമെന്റ് സ്വീഡെപ്പി ഗ്രാഫാ*, വാല്യം 1. *അപ്പൊകാലിപ്റ്റിക് ലിറ്ററേച്ചർ ആന്റ് ടെസ്റ്റമെന്റ്സ്*, എഡി. ജെയിംസ്. എച്ച്. ചാൾസ്വർത്ത് (ഗാർഡെൻ സിറ്റി, ന്യൂയോർക്ക്.: ഡബിൾഡേ, 1983). അദ്ധ്യായങ്ങൾ 46, 62, 63, 64–71 ഉദാഹരണത്തിനു "മനുഷ്യ പുത്രൻ" ദുഷ്ടന്മാരെ ന്യായം വിധിക്കും നീതമാന്മാരെ, ഉയർത്തി, വിടുവിച്ചു സമാധാനത്തിൽ മഹത്വീകരിക്കും. [4]സന്ദർഭം മുഴുവനും നോക്കുവാൻ സി. എഫ്. ദാനിയേൽ 7 നോക്കുക. [5]ജി.എബെലിക്, "ദ ബിഗിനിങ്ങ്സ് ഓഫ് ക്രിസ്റ്റ്യൻ തിയോളജി" ആൻ *അപ്പോകാലിപ്റ്റിസം*, എഡി. ആർ ഡബ്ലിയു ഫങ്ക്, *ജേണൽ ഫോർ തിയോളജി ആന്റ് ദ ചർച്ച്*" (ന്യൂയോർക്ക്: എൻ.പി, 1969), 6:58 ഉദ്ധരിച്ചത് ഡി. എസ്. റസ്സൽ, *അപ്പോകാലിപ്സ്: ഏൻഷ്യന്റ് മോഡേൺ* (ഫിലദെൽഫിയ: ഫോർടെസ്, 1979), 51.

© 2009 Truth for Today